# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 23.12.2024** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1. 2047-ൽ വികസിത ഭാരതം എന്ന ലക്ഷ്യത്തിൽ പൂർണ്ണ വിശ്വാസമുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. റോസ്ഗർ മേളകൾ യുവജന ശാക്തീകരണത്തിന് ഏറെ സഹായകമെന്നും നരേന്ദ്ര മോദി.

**Prime Minister Narendra Modi today said that he has full faith in the goal of Viksit Bharat by 2047. Rozgar Melas are empowering the youth and unlocking their potential - Prime Minister.**

2. റോസ്ഗർ മേള സ്വപ്ന സാക്ഷാത്കാരത്തിൻറെ പ്രതീകമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. 14-ാമത് റോസ്ഗർ മേളയോടനുബന്ധിച്ച് തിരുവന്തപുരത്ത് നടന്ന പരിപാടി കേന്ദ്ര സഹമന്ത്രി ഉദ്ഘാടനം ചെയ്തു.

**Union Minister of State Suresh Gopi said that the Rozgar Mela is a symbol of dream come true. The Union Minister of State inaugurated the event held in Thiruvananthapuram on the occasion of the 14th Rozgar Mela.**

3. കേന്ദ്ര മന്ത്രി മനോഹർ ലാലിന്റെ കേരള സന്ദർശനം തുടരുന്നു. കൊച്ചി മെട്രോ റെയിൽ, വാട്ടർ മെട്രോ പദ്ധതികളുടെ അവലോകന യോഗങ്ങളിൽ അദ്ദേഹം പങ്കെടുക്കും.

**Union Minister Manohar Lal's Kerala visit continues. He will attend the review meetings of the Kochi Metro Rail and Water Metro projects.**

4. യു.പി യിലെ പിലിഭിത്തിൽ പോലീസുമായുണ്ടായ ഏറ്റുമുട്ടലിൽ മൂന്ന് ഖലിസ്ഥാൻ അനുകൂല ഭീകരർ കൊല്ലപ്പെട്ടു.

**Three pro-Khalistan terrorists were killed in an encounter led by a joint team of Uttar Pradesh and Punjab Police in Pilibhit district**

5. കേരളത്തിൽ വന നിയമ ഭേദഗതിയിൽ ആശങ്ക വേണ്ടെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. ഭേദഗതിയിൽ സംസ്ഥാന സർക്കാരിന് മുൻ വിധിയില്ലെന്നും വനം മന്ത്രി.

**Minister A K Saseendran said that there is no need of concern about the Forest Act Amendment in Kerala. The forest minister said that the state government has no prejudice in the amendment.**

6. ശബരിമലയിൽ മണ്ഡല പൂജയ്ക്കുള്ള തങ്കഅങ്കി ഘോഷയാത്രയ്ക്ക് പത്തനംതിട്ടയിൽ ഭക്തി നിർഭര സ്വീകരണം.

**The Thanga anki procession for mandala puja at Sabarimala was given a reverential welcome in Pathanamthitta.**

&&&&&&&&&&&&&&&&

# HEADLINE – 1

**PM-ROZGAR MELA - intro**

2047-ൽ വികസിത ഭാരതം എന്ന ലക്ഷ്യത്തിൽ പൂർണ്ണ വിശ്വാസമുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കേന്ദ്ര സർക്കാരിന് കീഴിൽ വിവിധ വകുപ്പുകളിൽ പുതുതായി 71,000-ത്തിലധികം പേർക്ക് നിയമനപത്രം കൈമാറുന്ന 14-ാമത് റോസ്ഗർ മേളയെ ഓൺലൈനായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യം ഇനിയും ഏറെ മുന്നേറുന്നതിന് യുവ ജനങ്ങളുടെ പങ്കാളിത്തം ആവശ്യമാണ്. റോസ്ഗർ മേളകൾ യുവജനങ്ങളുടെ ശാക്തീകരണത്തിനും അവരുടെ കഴിവുകൾ പുറത്ത് കൊണ്ടുവരുന്നതിനും ഏറെ സഹായകമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

(voice)

കഴിഞ്ഞ ഒന്നര വർഷത്തിനിടെ രാജ്യത്തെ യുവാക്കൾക്ക് ഏകദേശം പത്ത് ലക്ഷത്തോളം സർക്കാർ ജോലികൾ നൽകിയതായും

പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തെ നാല്പത്തി അഞ്ചിടങ്ങളിലാണ് ഇന്ന് റോസ്ഗർ മേള നടന്നത്.

&&&&&&&&&&&&&&&&

# HEADLINE – 2

**<u>TVM ROZGARMELA</u>**

റോസ്ഗർ മേള സ്വപ്ന സാക്ഷാത്കാരത്തിന്റെ പ്രതീകമാണെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. റോസ്ഗർ മേളയോടനുബന്ധിച്ച് തിരുവനന്തപുരം പള്ളിപ്പുറത്ത് സംഘടിപ്പിച്ച പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മികച്ച ഇന്ത്യയ്ക്കായുള്ള ആഹ്വാനവും പ്രതീക്ഷയുടെ നാളവുമാണ് റോസ്ഗാർ മേളയെന്നും ശ്രീ സുരേഷ് ഗോപി പറഞ്ഞു. 1,297 പേർക്കാണ് ചടങ്ങിൽ

നിയമന പത്രങ്ങൾ കൈമാറിയത്.

&&&&&&&&&&&&&&&&

**<u>FARMERS DAY</u>**

ഇന്ന് ദേശീയ കർഷക ദിനം. രാജ്യത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും കർഷകർ നൽകിയ സംഭാവനകളെ ബഹുമാനിക്കുകയും ആദരിക്കുകയുമാണ് ദിനാചരണത്തിന്റെ ലക്ഷ്യം. മുൻ പ്രധാനമന്ത്രി ചൗധരി ചരൺ സിങ്ങിന്റെ ജന്മവാർഷികമാണ് ദേശീയ കർഷക ദിനമായി ആചരിക്കുന്നത്. ചൗധരി ചരൺ സിങ്ങിന്റെ 122-ാം ജന്മ വാർഷിക ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ ശ്രദ്ധാഞ്ജലി അർപ്പിച്ചു.

&&&&&&&&&&&&&&&&

**<u>VP – KISAN DIWAS – INTRO</u>**

*<u>കാർഷിക മേഖലയുടെ പുരോഗതിയിലൂടെ മാത്രമെ ഗ്രാമീണ വികസനം സാധ്യമാകുകയുള്ളുവെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. ന്യൂഡൽഹിയിലെ കിസാൻ ഘട്ടിൽ മുൻ പ്രധാനമന്ത്രി ചൗധരി ചരൺ സിങ്ങിൻറെ ജന്മവാർഷിക ദിനത്തിൽ അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിക്കുകയായിരുന്നു ഉപരാഷ്ട്രപതി. കർഷകരുടെ അഭിവൃദ്ധി,</u>*

***ഗ്രാമീണ വികസനം തുടങ്ങിയവയിലൂടെ രാജ്യപുരോഗതിക്കായ് സ്വന്തം ജീവിതം സമർപ്പിച്ച വ്യക്തിയായിരുന്നു ചൗധരി ചരൺ സിങ്ങ് എന്ന് ഉപരാഷ്ട്രപതി അനുസ്മരിച്ചു.***

***(VOICE )***

&&&&&&&&&&&&&&&&

**INDIA-KUWAIT PARTNERSHIP + PM ARRIVAL**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ കുവൈറ്റ് സന്ദർശനത്തിൽ പ്രതിരോധ സഹകരണം, സാംസ്കാരിക കൈമാറ്റം തുടങ്ങി വിവിധ കരാറുകളിൽ ഇരു രാജ്യങ്ങളും ഒപ്പുവച്ചു. അതിർത്തി കടന്നുള്ള ഭീകരത ഉൾപ്പെടെ നേരിടുന്നതിന് ഒരുമിച്ച് പ്രവർത്തിക്കാൻ ഇന്ത്യയും കുവൈത്തും ധാരണയായി. തീവ്രവാദത്തിന് ധനസഹായം നൽകുന്ന ശൃംഖലകളും ഭീകരരുടെ താവളങ്ങളും തകർക്കാൻ ഇരു രാജ്യങ്ങളും ആഹ്വാനം ചെയ്തു. തീവ്രവാദ വിരുദ്ധ പ്രവർത്തനങ്ങൾ, സൈബർ സുരക്ഷ തുടങ്ങിയവയിൽ സഹകരണം പ്രോത്സാഹിപ്പിക്കുന്നതും പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കുവൈത്ത് സന്ദർശന വേളയിൽ ചർച്ചയായി.

&&&&&&&&&&&&&&&&

**JITENDRA-GOOD GOVERNANCE**

സദ്ഭരണത്തെ കുറിച്ചുള്ള നാലാമത്തെ ദേശീയ ശിൽപശാല ഇന്ന് ന്യൂഡൽഹിയിൽ കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് ഉദ്ഘാടനം ചെയ്യും. മന്ത്രാലയങ്ങളിലെയും വകുപ്പുകളിലെയും ഉദ്യോഗസ്ഥർ ശിൽപശാലയിൽ പങ്കെടുക്കും. മൂല്യനിർണ്ണയ റിപ്പോർട്ടിന്റെ പ്രകാശനത്തോടൊപ്പം വിവിധ മന്ത്രാലയങ്ങളും വകുപ്പുകളും നടത്തിയ സ്വച്ഛത കാമ്പെയ്ൻ 4.0 യുടെ മികച്ച പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയ പ്രദർശനവും ശ്രീ ജിതേന്ദ്ര സിംഗ് ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&

**PM-CHRISTMAS**

കാത്തലിക് ബിഷപ്സ് കോൺഫറൻസ് ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന ക്രിസ്തുമസ് ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പങ്കെടുക്കും. കർദിനാളുമാർ, ബിഷപ്പുമാർ തുടങ്ങിയവരുമായി അദ്ദേഹം ആശയവിനിമയം നടത്തും.

&&&&&&&&&&&&&&&&

# HEADLINE – 4

**PILIBHIT ENCOUNTER**

യു. പി യിലെ പിലിഭിത് ജില്ലയിൽ ഉത്തർപ്രദേശ് - പഞ്ചാബ് പോലീസ് സേനകളുടെ സംയുക്ത സംഘവുമായി ഇന്നുണ്ടായ ഏറ്റുമുട്ടലിൽ മൂന്ന് ഖലിസ്ഥാൻ അനുകൂല ഭീകരർ കൊല്ലപ്പെട്ടു. ഡിസംബർ 19- ന് പഞ്ചാബിലെ ഗുർദാസ്പൂർ ജില്ലയിലെ പോലീസ് പോസ്റ്റിന് നേരെ നടന്ന ഗ്രനേഡ് ആക്രമണത്തിൽ ഇവർക്ക് പങ്കുണ്ടെന്ന് കരുതുന്നു. പുരൻപൂർ പോലീസ് സ്റ്റേഷൻ പരിധിയിലാണ് ഏറ്റുമുട്ടൽ നടന്നത്. സംഭവസ്ഥലത്ത് നിന്ന് നിരവധി ആയുധങ്ങളും പോലീസ് കണ്ടെടുത്തു.

&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

&&&&&&&&&&&&&&&&

# HEADLINE – 3

**KERALA-MANOHARLAL**

കേന്ദ്ര ഊർജ്ജ നഗരകാര്യ മന്ത്രി മനോഹർ ലാൽ ഇന്ന് കൊച്ചിയിൽ മെട്രോ റെയിൽ, വാട്ടർ മെട്രോ എന്നിവയുടെ അവലോകന യോഗങ്ങളിൽ പങ്കെടുക്കും. ലക്ഷദ്വീപ് സന്ദർശനത്തിന് ശേഷമാണ് അദ്ദേഹം കൊച്ചിയിലെത്തുന്നത്. ഊർജ പദ്ധതികളുമായി ബന്ധപ്പെട്ട് രാവിലെ കവരത്തിയിൽ നടന്ന പ്രത്യേക അവലോകന യോഗത്തിൽ

അദ്ദേഹം പങ്കെടുത്തു. ഊർജ്ജ നഗരകാര്യ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ഇന്നലെ തിരുവനന്തപുരത്ത് ചേർന്ന യോഗത്തിലും കേന്ദ്രമന്ത്രി പങ്കെടുത്തിരുന്നു.

&&&&&&&&&&&&&&&&

# HEADLINE – 5

## A K SASEENDRAN (INTRO)

*വന - നിയമ ഭേദഗതിയിൽ ആശങ്ക വേണ്ടെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. സർക്കാരിന് മുൻ വിധി ഇല്ലെന്നും ഇപ്പോഴുള്ളത് അനാവശ്യ വിവാദമാണെന്നും മന്ത്രി കോഴിക്കോട് പറഞ്ഞു.*

*(ഹോൾഡ് -വോയ്സ്...........)*

&&&&&&&&&&&&&&&&

# HEADLINE – 6

## SABARIMALA-THANKA ANKI

മണ്ഡലപൂജയ്ക്ക് അയ്യപ്പന് ചാർത്താനുള്ള തങ്കഅങ്കിയും വഹിച്ചുകൊണ്ടുള്ള ഘോഷയാത്രക്ക് പത്തനംതിട്ട ടൗണിൽ ഭക്തി നിർഭരമായ സ്വീകരണം. ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിൽനിന്ന് പുറപ്പെട്ട ഘോഷയാത്ര 25 - ന് വൈകിട്ട് ശബരിമലയിൽ എത്തും. രഥഘോഷയാത്രക്ക് ഓരോ സ്വീകരണസ്ഥലങ്ങളിലും വൻ സ്വീകരണമാണ് ലഭിക്കുന്നത്.

&&&&&&&&&&&&&&&&

## M T VASUDEVAN NAIR

കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന സാഹിത്യകാരൻ എം.ടി വാസുദേവൻ നായരുടെ ആരോഗ്യ സ്ഥിതിയിൽ നേരിയ പുരോഗതിയുള്ളതായി ആശുപത്രി വൃത്തങ്ങൾ അറിയിച്ചു. അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി വിദഗ്ധ മെഡിക്കൽ സംഘം വിലയിരുത്തി വരികയാണ്.

&&&&&&&&&&&&&&&&

**DELHI-POLLUTION**

ന്യൂഡൽഹിയിലെ വായു ഗുണനിലവാരം ഏറ്റവും മോശം നിലയിൽ തുടരുന്നു. ഇന്ന് രാവിലെ 7 മണി വരെയുള്ള കണക്കനുസരിച്ച് വായു ഗുണനിലവാര സൂചികയിൽ 403 ആണ് രേഖപ്പെടുത്തിയത് . അടുത്ത രണ്ട് ദിവസങ്ങളിൽ ഡൽഹിയിലും പരിസര പ്രദേശങ്ങളിലും പുകമഞ്ഞും നേരിയ തോതിൽ മൂടൽമഞ്ഞും അനുഭവപ്പെടാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&

**CONSUMER AFFAIRS-APPS**

ദേശീയ ഉപഭോക്തൃ ദിനത്തോടനുബന്ധിച്ച് നാളെ ഉപഭോക്തൃ കാര്യ വകുപ്പ് വിവിധ മൊബൈൽ ആപ്പുകളും, ജാഗ്രതി ഡാഷ്ബോർഡും പുറത്തിറക്കും. നിയമവിരുദ്ധമായി പ്രഖ്യാപിച്ച വെബ്സൈറ്റ് ലിങ്കുകൾ റിപ്പോർട്ട് ചെയ്യാൻ ആപ്പ് സഹായകമാകും. ഇവ കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി, പരാതികളായി രജിസ്റ്റർ ചെയ്യും.

&&&&&&&&&&&&&&&&

**TRUMP - AI ADVISOR**

വൈറ്റ് ഹൗസിന്റെ മുതിർന്ന എ ഐ- നയ ഉപദേഷ്ടാവായി ഇന്ത്യൻ വംശജൻ ശ്രീറാം കൃഷ്ണനെ നിയുക്ത യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് നിയമിച്ചു. ഫെഡറൽ സർക്കാറിന്റെ നിർമിത ബുദ്ധി നയം രൂപീകരിക്കുന്നതിലെ സുപ്രധാന പദവിയാണ് ഇത്. നിയമനത്തിൽ ഏറെ സന്തോഷം ഉണ്ടെന്ന് ശ്രീറാം കൃഷ്ണൻ സമൂഹമാധ്യമമായ എക്സിൽ കുറിച്ചു.

&&&&&&&&&&&&&&&&

**CRICKET - CT NEUTRAL VENUE**

സുരക്ഷാ കാരണങ്ങളാൽ പാകിസ്ഥാനിലേക്ക് യാത്ര ചെയ്യാൻ ഇന്ത്യ വിസമ്മതിച്ചതിനെ തുടർന്ന് 2025-ലെ ഐസിസി ചാമ്പ്യൻസ് ട്രോഫിയിലെ ഇന്ത്യയുടെ മത്സരങ്ങൾ യു.എ.ഇ യിൽ നടക്കും.

പാകിസ്ഥാൻ ക്രിക്കറ്റ് ബോർഡാണ് യു എ ഇ യെ നിഷ്പക്ഷ വേദിയായി പ്രഖ്യാപിച്ചത്. നിലവിലെ രാഷ്ട്രീയ സംഘർഷങ്ങൾ കാരണം ഇന്ത്യയും പാകിസ്ഥാനും 2012 മുതൽ പരസ്പരം ഇരു രാജ്യങ്ങളിലും പര്യടനം നടത്തിയിട്ടില്ല.

&&&&&&&&&&&&&&&&

## SMRITI MANDHANA RECORD

വഡോദരയിൽ നടന്ന ആദ്യ വനിതാ ഏകദിനത്തിൽ വെസ്റ്റ് ഇൻഡീസിനെതിരെ 91 റൺസ് നേടിയ ഇന്ത്യൻ ഓപ്പണർ സ്മൃതി മന്ദാനക്ക് ക്രിക്കറ്റിൽ പുതിയ റെക്കോർഡ്. ഒരു കലണ്ടർ വർഷത്തിൽ ഏറ്റവും കൂടുതൽ അന്താരാഷ്ട്ര റൺസ് എന്ന ദക്ഷിണാഫ്രിക്കയുടെ ലോറ വോൾവാർഡിൻറെ റെക്കോർഡാണ് സ്മൃതി മറികടന്നത്. വിൻഡീസിനെതിരായ ഇന്ത്യയുടെ രണ്ടാം മത്സരം നാളെ നടക്കും. ഉച്ചയ്ക്ക് 1.30 ന് വഡോദരയിലാണ് മത്സരം.

&&&&&&&&&&&&&&&&

## ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ് FC - നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. രാത്രി 7.30 ന് ഹൈദരാബാദിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ മുഹമ്മദൻ S.C -ക്കെതിരെ കേരള ബ്ലാസ്റ്റേഴ്സ് എതിരില്ലാത്ത 3 ഗോളുകൾക്ക് വിജയിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&